# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5172 — 22/5/2017 -

## കുടിവെള്ള പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിൽ കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.രാമചന്ദ്രൻ നായർ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കുടിവെള്ള പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റിയിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ചെങ്ങന്നൂർ പാണ്ഡവൻപാറ പട്ടിക ജാതി കോളനിയിലെ കുടിവെള്ള പദ്ധതിയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് 9/3/17-ൽ പി1-22944/16(1) നമ്പരിലുള്ള കത്ത് പട്ടികജാതി വികസന വകുപ്പിൽ നിന്ന് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർക്ക് അയച്ചിട്ടും നാളിതുവരെയായി എസ്റ്റിമേറ്റ് സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) 09/3/2017-ൽ പട്ടികജാതി വികസന ഡയറക്ടറുടെ കാര്യാലയത്തിൽ നിന്ന് അയച്ച കത്ത് 15/3/2017-ൽ ആലപ്പുഴ പി.എച്ച്.ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിൽ ലഭിച്ചിരുന്നു. അത് പ്രകാരം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിലേക്ക് 18/3/2017-ൽ എക്സിക്യൂട്ടീവ് എൻജിനീയർ മാവേലിക്കര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സർവ്വേ ഉൾപ്പെടെയുള്ള പ്രവൃത്തികൾ ആവശ്യമായതിനാൽ പി.പി.ഡി വിഭാഗം വഴി സർവ്വേ നടത്തുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി എടുത്തു വരുന്നു. |
| (സി) വിശദമായ എസ്റ്റിമേറ്റ് എന്ന് സമർപ്പിക്കുമെന്ന് വിശദമാക്കുമോ? | (സി) സർവ്വേ റിപ്പോർട്ട് ലഭ്യമാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പട്ടികജാതി വികസന ഡയറക്ടർക്ക് രണ്ട് മാസത്തിനകം സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

JSK/